**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1785** **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ-സ്വിഫ്റ്റ് കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലാഭകരമായ ദീർഘദൂര സർവ്വീസുകൾ നടത്തുവാൻ മാത്രമായി കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ കെ-സ്വിഫ്റ്റ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | (എ) | **കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ് എന്ന ഒരു സ്വതന്ത്ര കമ്പനി രൂപീക്കരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കമ്പനി രൂപീകരിക്കുന്നതുവഴി ഉദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക, കിഫ്ബി ലോൺ മുഖാന്തിരവും, പ്ലാൻ ഫണ്ട് ഉപയോഗിച്ചും വാങ്ങുന്ന പുതിയ ബസ്സുകൾ, നിലവിലെ ദീർഘദൂര ബസ്സുകൾ എന്നിവ ഒരു കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന് കീഴിൽ കാര്യക്ഷമമായി പ്രവർത്തിക്കുക എന്നിവയാണ് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന കമ്പനിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) | കെ.എസ്.ആർ.ടി.സി.യെ സ്വകാര്യവൽക്കരിക്കുവാനുള്ള നീക്കമാണ് ഇതിലുള്ളതെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വെളിപ്പെടുത്താമോ; | (സി) | ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പൊതു ഗതാഗതം കുത്തക കമ്പനികൾക്ക് വിട്ടുകൊടുക്കുന്ന നടപടിയാണ് ഇതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ